30/12/21

DISPATCHED
..28/01/22..


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.627 (5)/20/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 2995 /SIC-G7/2020

ഉത്തരവ് തീയതി : 30.12.2021

സന്നിഹിത

ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി ബി.ശാന്ത,
റ്റി.സി.65/1332(6), അമൃതവർഷിണി,
പുഞ്ചക്കരി, തിരുവല്ലം പി.ഒ, തിരുവനന്തപുരം – 695027. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ (എച്ച് വിഭാഗം), താലൂക്ക് ഓഫീസ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ), താലൂക്ക് ഓഫീസ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 31.12.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 20.01.2020 |
| ഒന്നാം അപ്പീൽ | 11.02.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 12.02.2020 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 25.02.2020 |
| ഹിയറിംഗ് തീയതി, സ്ഥലം | 23.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷിയും അപ്പീൽ ഹർജിക്കാരിയും ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. വിവരാവകാശ അപേക്ഷയിലൂടെ ഹർജിക്കാരി ആവശ്യപ്പെട്ടിരുന്നത് 03.12.2018 ൽ ടിയാൻ താലൂക്ക് ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുക, ഏത് കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിലാണ് ടിയാന്റെ വസ്തു അളന്ന് തിട്ടപ്പെടുത്താതെ ഒരു കൊല്ലത്തിലധികമായി അപേക്ഷ താലൂക്ക് ഓഫീസിൽ വച്ചിരിക്കുന്നത്, ടിയാന്റെ വസ്തു അളക്കുന്നതിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥരെ വിലക്കുന്ന കോടതി ഉത്തരവ്, തീയതി, കോടതിയുടെ പേര് എന്നിവ ലഭ്യമാക്കുക തുടങ്ങിയവയുമായി ബന്ധപ്പെട്ട് 7 ഇന വിവരങ്ങളായിരുന്നു. ആയതിന് 20.01.2020 ൽ എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 11.02.2020 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 12.02.2020 ൽ തീർപ്പാക്കുകയും ചെയ്തു.

3. വിവരാവകാശ നിയമപ്രകാരം ഹർജിക്കാരി സമർപ്പിച്ച 6(1) അപേക്ഷയ്ക്ക് 20.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലിൽ ഒന്നാം അപ്പീൽ അധികാരിയായ തിരുവനന്തപുരം തഹസിൽദാർ ഹർജിക്കാരി ആവശ്യപ്പെട്ട എച്ച്13/57683/18-ാം നമ്പർ ഫയൽ ഓഫീസ് പ്രവൃത്തി ദിവസം ഓഫീസിൽ ഹാജരായി ആവശ്യമുള്ള പകർപ്പുകൾ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 18.05.2020 ന് ഓഫീസിൽ ഹാജരാകേണ്ടതാണെന്ന് കാണിച്ച് കത്ത് നൽകിയെങ്കിലും ടിയാൾ ഓഫീസിൽ ഹാജരായിട്ടില്ലെന്നും ടിയാൾ 03.12.2018 ൽ സമർപ്പിച്ച പരാതിയിൽ പരാമർശിച്ചിട്ടുള്ള വിഷയത്തിന്മേൽ പരിഹാരം ലഭ്യമാക്കുന്ന എൽ.ആർ.എം ന് പരാതി നൽകി ഒരു ശാശ്വത പരിഹാരത്തിന് ശ്രമിക്കേണ്ടതാണെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. 03.12.2018 ന് അളന്ന് തിട്ടപ്പെടുത്തുവാൻ അപേക്ഷ നൽകി ഒരു വർഷം കഴിഞ്ഞ് 03.12.2019 നാണ് വിവരാവകാശ അപേക്ഷ സമർപ്പിച്ചതെന്നും അപ്പോഴും അളന്ന് തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന മറുപടിയാണ് നൽകിയതെന്ന് അപ്പീൽ ഹർജിക്കാരിയുടെ പ്രതിനിധി കമ്മീഷൻ മുമ്പാകെ മൊഴി നൽകി.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും എതിർകക്ഷിയുടെ മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ സമയബന്ധിതമായി മറുപടി ലഭ്യമാക്കിയതായി കമ്മീഷൻ കാണുന്നു. എന്നാൽ ആവശ്യമായ വിവരം ഒന്നുംതന്നെ അപ്പീൽ വാദിക്ക് ലഭിച്ചിട്ടില്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അപേക്ഷക ആവശ്യപ്പെടുന്ന എച്ച്.13/57683/18-ാം നമ്പർ ഫയലിലെ വിവരം ഹിയറിംഗിന്റെ ഭാഗമായി ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത വിവരം എസ്.പി.ഐ.ഒ നൽകേണ്ടതാണെന്ന് കമ്മീഷൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകുന്നു. ഈ വിഷയം എൽ.ആർ.എം തഹസിൽദാരുമായി ബന്ധപ്പെട്ടതായതിനാൽ ഡെപ്യൂട്ടി തഹസിൽദാർ കൂടിയായ എസ്.പി.ഐ.ഒ ഈ സ്ഥലം പരിശോധിച്ച് യഥാർത്ഥ സ്ഥിതി മനസ്സിലാക്കി പട്ടികജാതിക്കാരിയും, വൃദ്ധയും, വിധവയുമായ ശ്രീമതി.ശാന്തയുടെ പരാതിയ്ക്ക് ഒരു മാനുഷിക പരിഗണന നൽകി പരിഹാരം കാണാൻ ശ്രമിക്കണമെന്ന് നിർദ്ദേശം നൽകുന്നു. കൂടാതെ അപേക്ഷയിൽ പരാമർശിച്ച വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന് പരിഹാരം കാണുന്നതിനായി സർക്കാർ തലത്തിൽ റവന്യൂ വകുപ്പിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് അപ്പീൽ വാദിക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn